പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2857**

10.12.2014 -ലെ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.കെ.ബാലൻ** | **ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതിക്കാർ എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇപ്പോൾ എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത് ; എന്നു വരെ കുടിശ്ശികയായവർക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നത്; ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത് ; | (എ) & (ബി) 12.11.2009 ലെ സ.ഉ (പി) നം. 100/09/ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് പ്രകാരം പട്ടികജാതിക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 31.03.06 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25,000/- രൂപയിൽ താഴെയുള്ള വായ്പകളുടെ കുടിശ്ശിക എഴുതി തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതിനു പുറമെ പട്ടികജാതി വിഭാഗക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/- രൂപവരെയുള്ള വായ്പകൾ10/12/2013 ലെ സ.ഉ(പി)99/2013/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>തുടർന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി/പട്ടികവർഗ്ഗവികസന കോർപ്പറേഷനിൽ നിന്നും ആദ്യകാലങ്ങളിൽ എടുത്തിട്ടുള്ളതും കുടിശ്ശികയായതുമായ 4 വായ്പാ പദ്ധതികൾ പ്രകാരമുള്ള വായ്പാ കുടിശ്ശികകൾ എഴുതി തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും കോർപ്പറേഷന് 1233.66 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തു.<br><br>സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31/03/2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതി തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര എസ്.സി വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | ഇതിനായി ഈ സർക്കാർ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചു ? | (ഡി) | ഇതിലേക്കായി 2011-2012 വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 9651/- രൂപ ചെലവഴിച്ചു. 2013-2014,2014-2015 വർഷങ്ങളിൽ ടി പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് ടി തുക കണ്ടെത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചുവടെ വിവരിക്കുന്ന പ്രകാരം തുക വായ്പ എഴുതി തള്ളൽ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.<br>2011-2012 ----9,651/-<br>2013-2014-----17,89,02,566/-<br>2014-2015 ----12,33,00,000/-<br>**ആകെ ----------3022.122 ലക്ഷം രൂപ** |

സെക്ഷൻ ഓഫീസർ.